# ഫ്ലോറ

ഒരു ലിറ്റിൽ കൈറ്റസ് പ്രസ്സിദ്ധീകരണം




ജി എച്ച് എസ് കാവിലുംപറ

പ്രിയമുള്ളവരെ,

കാവിലുംപാറ ഗവൺമെൻറ് ഹൈസ്കൂളിൽ കുട്ടികളുടെ സർഗാത്മക കഴിവുകൾ വികസിപ്പിക്കുന്നതിനായി നിരവധി പ്രവർത്തനങ്ങൾ നടന്നുവരുന്നു ഇതിന്റെ ഭാഗമായി ലിറ്റിൽ കൈറ്റ്സ് ന്റെ നേതൃത്വത്തിൽ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കിയിരിക്കുന്നു കുട്ടികളിൽ വായനാശീലം വളർത്തുന്നതിനും സർഗാത്മകത പ്രോത്സാഹിപ്പിക്കുന്നതിനും ഇത്തരം പ്രവർത്തനങ്ങൾ വളരെയേറെ സഹായിക്കും നിങ്ങളുടെ ഉദ്യമം ഫലവത്തായി തീരട്ടെ എന്നും കൂടാതെ ഇത്തരം നൂതന പ്രവർത്തനങ്ങളിലൂടെ നമ്മുടെ വിദ്യാലയത്തിന്റെ യശസ്സ് ഉയർത്തിക്കൊണ്ടു വരാൻ നിങ്ങൾ ഓരോരുത്തർക്കും കഴിയട്ടെ എന്നും ആശംസിക്കുന്നു

സ്നേഹത്തോടെ
ഹെഡ്മിസ്ട്രസ്
രത്നവല്ലി
ജിഎച്ച് എസ് കാവിലുംപാറ



ലിറ്റിൽ കൈറ്റ്സിനെ എൻറെ പ്രിയപ്പെട്ട പട്ടങ്ങളുടെ ഒരുപാട് നാളത്തെ ആഗ്രഹമായിരുന്നല്ലോ ഒരു ഡിജിറ്റൽ മാഗസിൻ പുറത്തിറക്കുക എന്നത്  ആ ഒരു സ്വപ്നം ഇതാ  ഫ്ലോറയിലൂടെ യാഥാർത്ഥ്യമാകുന്നു  എന്റെ കുഞ്ഞു പട്ടങ്ങൾക്ക് ഇനിയും ഒരുപാട് പറക്കാൻ കഴിയട്ടെ എന്ന് ആശംസിക്കുന്നു

കൈറ്റ് മിസ്ട്രസ്
മുഹസീനത്ത് കെ പി
ജി എച്ച് എസ് കാവിലുംപാറ




പ്രിയമുള്ളവരെ

കാവിലുംപാറ ഹൈസ്കൂളിൽ ഈ അധ്യയന വർഷം ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കി വരുന്ന വിവരം അറിഞ്ഞതിൽ അതിയായി സന്തോഷിക്കുന്നു കുട്ടികളിലും മുതിർന്നവരിലുമുള്ള സർഗവാസനകളെ പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശത്തിൽ തുടങ്ങിയ ഈ സംരംഭത്തിന് എല്ലാ വിധ ഭാവുകങ്ങളും നേരുന്നു

സ്നേഹപൂർവ്വം

ബിജു എം പി
**HSA** ഹിന്ദി



ഡിജിറ്റൽ മാഗസിൻ ഫ്ലോറയുടെ പിന്നിൽ പ്രവർത്തിച്ച എല്ലാ മക്കൾക്കും ആശംസകൾ നേരുന്നു

കൈറ്റ് മാസ്റ്റർ
മുഹമ്മദ് ഷഫീഖ്
ജിഎച്ച്എസ് കാവലുംപാറ



വിദ്യാഭ്യാസം കൊണ്ട് ഉദ്ദേശിക്കുന്നത്  അറിവിന്റെയും
കഴിവുകളുടെയും വികാസമാണ്

അപൂർണ്ണമായഅറിവിനെയും
അപക്വമായ കഴിവുകളെയുംപൂർണ്ണതയിൽ എത്തിക്കുകയുംപാകപ്പെടുത്തി
എടുക്കുവാനുമുള്ള വേദികളാണ് വിദ്യാലയങ്ങൾ
ഇതിൽ വിവര വിനിമയ സാങ്കേതികവിദ്യ മഹത്തായ പങ്കുവഹിക്കുന്നു
അറിവ് പകരുന്നതോടൊപ്പം വിദ്യാർത്ഥികളുടെ സൃഷ്ടിപരമായ കഴിവുകളെ
പരിപോഷിപ്പിക്കുവാൻ വേണ്ടി മാഗസിൻ പോലെയുള്ള വൈവിധ്യമാർന്ന പല
പ്രവർത്തനങ്ങളും വിദ്യാലയങ്ങളിൽ നടത്തിവരുന്നുണ്ട്
നമ്മുടെ വിദ്യാലയത്തിലെ കുട്ടികളുടെ സർഗ്ഗവാസന പ്രകടിപ്പിക്കാനുള്ള ഒരു വേദിയായി  ഈ
പ്രവർത്തനം അവതരിപ്പിക്കുകയാണ്
ഇതിനോട് സഹകരിച്ച എല്ലാവരോടുംസന്തോഷം പങ്കുവെച്ചുകൊണ്ട് സ്നേഹപൂർവ്വം

ശ്രദ്ധ
എഡിറ്റർ
ഇ മാഗസിൻ

## എഡിറ്റോറിയൽ അംഗങ്ങൾ

ശ്രദ്ധ 9

ദിയ എസ് എൻ 9

വിശാഖ് കെ 9

യദുഷണവ് സുരേഷ് 9

നന്ദിദ് കൃഷ്ണ 9

സുദേവ് എം ജെ 9

നീരജ് അനിൽകുമാർ 8

അനുഷ്ക വി എം 8

## ലിറ്റിൽ കൈറ്റ്സ് മാസ്റ്റേഴ്സ്

**മുഹസീനത്ത് കെ പി**

**മുഹമ്മദ് ഷഫീഖ്**

# ഉള്ളടക്കം

**1.** സ്കൂൾ ചരിത്രം ദിയ എസ് എ ൻ **- 9B.................9 page number**
**2.**ഒടുവിൽ കവിത മാളവിക **- 10B .........................................11**
**3.**സന്തോഷത്തിന്റെ കളിപ്പാട്ടം കഥ ആൻവിയ ചന്ദ്രൻ **- 6B .........12**
**4.**ആസ്വാദനക്കുറിപ്പ് വീണപൂവ് **-** ശ്രീലക്ഷ്മി പി പി **-8B......................13**
**5.**എന്റെ കാറ്റ് കവിത ആർദ്ര കൃഷ്ണൻ**- 5B.................................14**
**6** സീമയുടെ ജീവിതം കഥ ചിന്മയ എസ് **-3A.................................15**
**7** അമ്മ കവിത പാർവണ **8B .................................................16**
**8.**മാമ്പഴം ആസ്വാദനക്കുറിപ്പ് യദുപ്രിയ **-8B .................................17**
**9** എന്റെ ഗ്രാമം കവിത ചിന്മയ എസ് **3A....................................18**
**10.**പൂക്കാലം ആസ്വാദനകുറിപ്പ് -അനൗഷ്ക വി എം **-8B....................19**
**11.AI artifical intelligence (**നിർമ്മിത ബുദ്ധി **)-** സുദേവ് എം ജെ**9A.....20**
**12.**റോബോട്ടിക്സ് യദുഷ്ണവ് സുരേഷ് **-9A……………………..21**
**13.**ജാതിമതവ്യവസ്ഥ ഋതുവർണ്ണ**-9A.……………………22**
**14.**ലേഖനം ദിയ **.R.**ബിജു **8C………………………………..……… 23**
**15.**ചെന്നായയും കഴുതയും സാൽവിയ സുബിൻ **-2B………………..24**
**16.The dairy of young girl(**ആസ്വാദനക്കുറിപ്പ്**)-**അനൗഷ്ക **-8B…… 25**
**17.Nature –** റോഷ്ണ **R**ജോൺ **- 5B………………………….......27**
**18.**നിൻ ലീലാവിലാസങ്ങളോ ഇത് കവിത **-** ശ്രീലക്ഷ്മി **-10 B …….28**
**19.**കുട്ടികൾ വരച്ച ചിത്രങ്ങൾ **………………………………………………29**

# സ്കൂൾ ചരിത്രം

കാവിനടുത് പാറക്കൂട്ടങ്ങൾ കണ്ടതുകൊണ്ടാവാം കാവിലുംപാറ എന്ന പേരിൽ ഈ പ്രദേശം അറിയപ്പെടുന്നത് കാവിലുംപാറയുടെ സിരാകേന്ദ്രമായ തൊട്ടിൽപ്പാലം പട്ടണത്തിൽ നിന്ന് ഏകദേശം ഒരു കിലോമീറ്ററിനുള്ളിൽ പ്രകൃതിരമണീയമായ എരഞ്ഞാട്ടിൽ എന്നറിയപ്പെടുന്ന സ്ഥാലത്താണ് കാവിലുംപാറ ഗവൺമെന്റ് ഹൈസ്കൂൾ സ്ഥിതിചെയ്യുന്നത് സ്വാതന്ത്ര്യസമര സേനാനിയായിരുന്ന ശ്രീ എ വി കുഞ്ഞിരാമൻ നായറുടെ നിർദ്ദേശം അനുസരിച്ച് മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ അംഗീകാരത്തോടെ 1954 ൽ ഏകാധ്യാപക സ്കൂളായി കല്ലുംപുറം എന്ന സ്ഥലത്ത് ഇന്നത്തെ കാവിലും പാറ ഗവൺമെന്റ് ഹൈസ്കൂൾ



പ്രവർത്തനമാരംഭിച്ചു കോഴിക്കോട്ടുകാരനായ ശ്രീ പങ്കജാക്ഷൻ മാസ്റ്റർ ആയിരുന്നു ആദ്യത്തെ അധ്യാപകൻ ആദ്യ വിദ്യാർത്ഥിയായി ശ്രീ കുഞ്ഞിപ്പറമ്പത്ത് കുഞ്ഞിരാമൻ സ്കൂളിൽ ചേർന്നു പ്രഥമ ബാച്ചിൽ 20വിദ്യാർത്ഥികൾ ഉണ്ടായിരുന്നു 1 മുതൽ 4 വരെയായിരുന്നു ഇവിടെ ക്ലാസ് നടത്തിയിരുന്നത് 1960 ൽ പി സി മാധവൻ നമ്പൂതിരി പ്രധാനധ്യാപകനായി ചുമതലയേറ്റു 1964 ൽ സ്കൂളിനു വേണ്ടി ചേലോട്ട് ഇല്ലത്ത് തമ്പായി എന്നറിയപ്പെടുന്ന വിഷ്ണു നമ്പൂതിരിയിൽ നിന്ന് 19 സെൻറ് സ്ഥലം സൗജന്യമായി ലഭിച്ചതിനാൽ സ്കൂൾ കല്ലുംപുറം എന്ന സ്ഥലത്ത് നിന്നും ഇപ്പോൾ സ്ഥിതിചെയ്യുന്ന എരഞ്ഞാറ്റിൽ എന്ന സ്ഥലത്തേക്ക് മാറ്റി സ്ഥാപിച്ചു

ലിറ്റിൽ കൈട്സ് എസ് പി സി ജെ ആർ സി എന്നീ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട് സയൻസ് ക്ലബ് ഫിലിം ക്ലബ് മാത്സ് ക്ലബ് ഹിന്ദി ക്ലബ് വിദ്യാരംഗം ക്ലബ് ഹിന്ദി ക്ലബ്

എന്നീ പാട്യേതര പ്രവർത്തനങ്ങൾ നടക്കുന്നുണ്ട് ആദ്യ എസ് എസ് എൽ സി ബാച്ച് 100 വിജയം സ്കൂളിന്റെ അഭ്യുദയകാംക്ഷികളുടെ പരിശ്രമ ഫലമായി 4 ക്ലാസ് മുറികളുള്ള ഓല ഷെഡ് നിർമ്മിച്ചു സ്കൂളിന്റെ പ്രവർത്തനത്തിന് അന്നത്തെ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ശ്രീ കുഞ്ഞമ്പുവിന്റെ സഹകരണം എടുത്തു പറയേണ്ടതാണ് തുടർന്ന് 5 ക്ലാസ് മുറികളുള്ള സ്കൂൾ കെട്ടിടം ഡോ കെ ജി അടിയോടി മന്ത്രിയായിരിക്കെ ഉദ്ഘാടനം ചെയ്യുകയുണ്ടായി യു പി സ്കൂൾ ആയി ഉയർത്തുവാൻ വേണ്ടി സർവ്വശ്രീ തുണ്ടിയിൽ കുമാരൻ എം കെ കേളുക്കുറുപ്പ് എന്നീ പി ടി എ പ്രസിഡണ്ടുമാറും അധ്യാപകരായിരുന്ന പി സി മാധവൻ നമ്പൂതിരി എം വി തങ്കച്ചൻ പി സി മധുസൂദനൻ തുടങ്ങിയവരും പരിശ്രമിക്കുകയുണ്ടായി 5 മുറികൾ ഉള്ള കെട്ടിടത്തിന് വേണ്ട മരങ്ങൾ ശ്രീ ഹരിദാസൻ വൈദ്യർ സംഭാവനയായി നൽകിയതായിരുന്നു യു പി ആയി ഉയർത്താൻ വേണ്ടി ചേലോട്ടില്ലത്ത് സുഭദ്ര അന്തർജനത്തിൽ നിന്നും ഒരു ഏക്കർ സ്ഥലം കൂടെ വില കൊടുത്തു വാങ്ങുകയുണ്ടായി 1981 ൽ ശ്രീ സി കെ ഭാനു മാസ്റ്റർ ഹെഡ് മാസ്റ്ററായി ചാർജടുത്തു തുടർന്നുള്ള 15 വർഷത്തോളം സ്കൂളിന്റെ സർവോൻ മുഖമായ പുരോഗതിയിൽ ഹെഡ് മാസ്റ്ററായ സി കെ ഭാനു മാസ്റ്ററുടെയും അന്നത്തെ പിടിഎ പ്രസിഡണ്ട് ആയിരുന്ന എം കേൾക്കുറുപ്പിന്റെയും സേവനങ്ങൾ എക്കാലത്തും സ്മരിക്കത്തക്കമായിരുന്നു ഈ കാലഘട്ടം സ്കൂളിന്റെ സുവർണ്ണ കാലഘട്ടമായിരുന്നു സ്കൂളിന്റെ പുരോഗതിക്കുവേണ്ടി പ്രവർത്തിച്ചിട്ടുണ്ട്

ദിയ എസ് എൻ

ജി എച്ച് എസ് കാവിലുംപറ

പ്രധാനധ്യാപിക

RATNAVALLY K M

വിദ്യാഭ്യാസ ജില്ല

വടകര

ഉപജില്ല വിദ്യഭ്യാസ ജില്ല

കുന്നുമ്മൽ

# ഒടുവിൽ

ആരുടെയൊക്കെയോ നോട്ടങ്ങളിൽ നിന്ന് മറഞ്ഞു  നടക്കുകയാണെന്റെ കണ്ണുകൾ
ആരുടെയൊക്കെയോ ശബ്ദങ്ങളെ ഭയക്കുകയാണെന്റെ കാതുകൾ
ആരുടെയൊക്കെയോ ചോദ്യങ്ങൾക്ക് ഉത്തരം മുട്ടുകയാണെന്റെ ചുണ്ടുകൾ
എനിക്കെന്റെ ആത്മാവ് നഷ്ടമായെന്നറിഞ്ഞ മാത്രയിൽ ഞാനറിയുന്നു
എന്റെ കണ്ണിലെ അവസാന കണ്ണീർ തുള്ളിയും ഭൂമിയെ സ്പർശിച്ചിരിക്കുന്നു
ശബ്ദങ്ങളെ ഭയന്ന എന്റെ കാതുകൾ ഒന്നിനും ചെവിയോർക്കാതിരിക്കുന്നു
ഉത്തരമില്ലാതിരുന്ന എന്റെ ചുണ്ടുകൾ വരണ്ട് ഉണങ്ങിയിരിക്കുന്നു
ഒടുവിൽ    ഞാൻ മരവിച്ച ശരീരമായി മാറിയിരിക്കുന്നു

മാളവിക
10ബി

# സന്തോഷത്തിന്റെ കളിപ്പാട്ടം

ഒരു മനോഹരമായ താഴ്‌വരയുടെ അരികിലായി ധാരാളം വീടുകൾ ഉണ്ടായിരുന്നു  2 വീടുകൾ വളരെ അടുത്തായിരുന്നു  അവിടെ രണ്ടിടത്തും രണ്ടും മക്കളുണ്ടായിരുന്നു  ഒരാളുടെ പേര് സാധു എന്നായിരുന്നു   മറ്റേയാളുടെ പേര് സേതു എന്നായിരുന്നു ഇരുവരും ഒരേ ക്ലാസിലായിരുന്നു  സേതു വളരെ പാവപ്പെട്ടവൻ ആയിരുന്നു  എന്നാൽ സാധു പണക്കാരനായിരുന്നു  സാധുവിന്റെ കയ്യിൽ ധാരാളം വ്യത്യസ്ത തരത്തിലുള്ള കളിപ്പാട്ടങ്ങൾ ഉണ്ടായിരുന്നു  എന്നാൽ സേതുവിന്റെ കയ്യിൽ ഒന്നു പോലും ഉണ്ടായിരുന്നില്ല  സേതുവിന് അറിയാമായിരുന്നു തന്റെ അച്ഛന്റെയും അമ്മയുടെയും കയ്യിൽ ഒന്നുമില്ല അവരോട് ചോദിച്ചിട്ട് ഒരു കാര്യവുമില്ല എന്ന്  കാരണം അവർ രണ്ടുപേരും കിടപ്പിലാണ്  ഡോക്ടർ പറഞ്ഞത് വേഗം തന്നെ പൈസ എത്തിച്ചാൽ രോഗം എത്രയും പെട്ടെന്ന് ഭേദമാകും എന്നാണ് സേതുവും ഏട്ടനും സ്കൂളിൽ പോകുന്നതിനിടെ ജോലിക്കും പോകും  എന്നിട്ട് പൈസ സമ്പാദിച്ച് ഒരു കുടുക്കയിൽ ഇടും  സേതുവിന് കളിപ്പാട്ടം വളരെ അധികം ഇഷ്ടമാണ് എന്നാൽ സാധുവിന്റെ വീട്ടിൽ പോയാൽ അവൻ ആ കളിപ്പാട്ടം പങ്കിടില്ല  അങ്ങനെ ഒരിക്കൽ ഒരു നിർമ്മാണ പ്രവർത്തനം സ്കൂളിൽ വന്നു  എല്ലാ കുട്ടികളും ഓരോ പ്രവർത്തനവും കൊണ്ടുവരണം  അത് കളിപ്പാട്ടം ആയിരിക്കണം  ഏറ്റവും നന്നായിട്ട് ഉണ്ടാക്കുന്നവർക്ക് ട്രോഫിയും ക്യാഷ് ആണ് സമ്മാനം  എല്ലാ കുട്ടികൾക്കും ആവേശമായി എന്നാൽ സേതുവിന് മാത്രം സങ്കടമായി  മറ്റ് എല്ലാവരും വാങ്ങുകയാണ് ചെയ്യുന്നത്  പക്ഷേ സേതു ഉണ്ടാക്കുകയാണ് ചെയ്തത്  എല്ലാ വേസ്റ്റ് സാധനങ്ങൾ  ചിരട്ടയും എല്ലാം ഉപയോഗിച്ച് ഏറ്റവും വലുതും അതിമനോഹരവുമായ ഒരു ശില്പം ഉണ്ടാക്കി  അത് പിറ്റേന്ന് തന്നെ സ്കൂളിലേക്ക് കൊണ്ടുപോയി  എല്ലാവരും ഈ ഒരു സാധനം കണ്ട് അമ്പരന്നു പോയി കൂട്ടത്തിൽ സാധുവും  അങ്ങനെ വാങ്ങിയവരേക്കാളും വളരെ മനോഹരമായി സേധു  ഉണ്ടാക്കി  അങ്ങനെ സമ്മാനം സേതുവിന് തന്നെ കിട്ടി അങ്ങനെ വീട്ടിൽ ചെന്ന് ഡോക്ടറോട് പറഞ്ഞു  അസുഖം ഭേദമാക്കാൻ പിറ്റേന്ന് തന്നെ മാതാപിതാക്കളുടെ ഓപ്പറേഷൻ ചെയ്തു  അങ്ങനെ നല്ല ഒരു വീട് വാങ്ങി  പിന്നീട് സാധുവും സേതുവും കൂട്ടുകാരായി  അവർ എല്ലാവരും സന്തോഷത്തോടെ ജീവിച്ചു

ആൻവിയ ചന്ദ്രൻ<br>6ബി

# ആസ്വാദന കുറിപ്പ്

## വീണപൂവ്

ആധുനിക കവിത്രയത്തിൽ ഒരാളായ മഹാകവി കുമാരനാശാന്റെ മലയാള കവിതാ ചരിത്രത്തിലെ ഒരു നാഴികക്കല്ലാണ് വീണപൂവ് 1907 ഡിസംബറിൽ ആണ് ആശാൻ വീണപൂവ് മിതവാദി പത്രത്തിൽ പ്രസിദ്ധീകരിച്ചത് മലയാള കാവ്യാന്തരീക്ഷത്തിൽ തികച്ചും നൂതനമായൊരു അനുഭവമായിരുന്നു വീണപൂവ് എന്ന ഖണ്ഡകാവ്യം മനുഷ്യ ജീവിതത്തിന്റെ നിസ്സാരത വീണു കിടക്കുന്ന ഒരു പൂവിനെ പ്രതീകമാക്കി അവതരിപ്പിച്ചിരിക്കുകയാണ് കവി രാജ്ഞിയെ പോലെ ശോഭിച്ച പൂവിന്റെ ശൈശവം ബാല്യം യൗവനം എന്നിവ ഇവിടെ മനോഹരമായ ചിത്രീകരിക്കുന്നു ശൈശവത്തിൽ പൂവിനെ പെറ്റമ്മയായ വള്ളി സ്നേഹപൂർവ്വം ലാളിച്ചു പല്ലവപു ടങ്ങളിൽ വെച്ച് പരിപാലിച്ചു ഇളം കാറ്റ് തൊട്ടിലാട്ടി ദലമർമ്മരങ്ങൾ താരാട്ടുപാടി നിലാവിൽ കുളിച്ചും ബാലാ തപത്തിൽ വിളയാടിയും ഇളയ മൊട്ടുകളോടു ചേർന്നു കളിച്ചും പൂവ് കുട്ടിക്കാലം കഴിച്ചുകൂട്ടി ഒരു കൊച്ചു കുഞ്ഞിനു കിട്ടുന്ന എല്ലാ പരിഗണനയും പൂമൊട്ടിനുംകിട്ടുന്നു എന്നതും ശ്രദ്ധേയമാണ് കിളികളിൽ നിന്ന് ഗാനവും താരാപഥങ്ങളിൽ നിന്ന് ലോകതത്വംവും പഠിച്ചു യൗവനത്തിലേക്ക് കടന്നപ്പോൾ പൂവിന്റെ മുഖഭാവം മാറുകയും കവിളിണകൾ തുടുക്കുകയും അവിടെ പുതിയ പുഞ്ചിരി തളിക്കുകയും ചെയ്തു വീണപൂവിൽ പൂവിന്റെ ജനനം മുതൽ മരണം വരെയുള്ള ഘട്ടങ്ങൾ മനുഷ്യജീവിതത്തോട് താരതമ്യപ്പെടുത്തിക്കൊണ്ട് കേവലം നൽപ്പത്തിയൊന്ന് ശ്ലോകങ്ങളിലൂ യുടെയും ഹൃദയസ്പർശിയാം വിധം ചിത്രീകരിച്ചിരിക്കുന്നു ഈ പ്രപഞ്ചത്തിലെ നമ്മുടെ ജീവിതം അസ്ഥിരമാണ് പൂവാകട്ടെ എല്ലാവർക്കും സന്തോഷം നൽകുന്നു അതുപോലെ നശ്വരമായ നമ്മുടെ ജീവിതം കാലഘട്ടം മറ്റുള്ളവർക്ക് സന്തോഷവും ചെയ്യു വാനും നന്മ ചെയ്യുവാനും ഉള്ളതാണെന്ന് സന്ദേശം ഈ കവിതയിൽ പകർന്നു നൽകുന്നു രാജ്ഞിയെ പോലെ ശോഭിച്ചിതന്ന പൂവിന്റെ കിടപ്പിലൂടെ ഹാ പുഷ്പമേ എന്ന സംബോധനയിലൂടെയും ശ്രീ ഭൂവിസ്ഥിരമാണ് എന്ന സന്ദേശം സമൂഹത്തിനു പകർന്നു നൽകുകയാണ് കവി എത്ര ഉന്നതങ്ങളിൽ ആണെങ്കിലും ഒരു നിമിഷം കൊണ്ട് നാം ഒന്നും അല്ലാതായി മണ്ണിലേക്ക് ചേരുമെന്നും കവി ഓർമിപ്പിക്കുന്നു വളരെ ലളിതമായ രീതിയിൽ ജീവിത തത്വം ഈ കവിതയിൽ അവതരിപ്പിച്ചിരിക്കുന്നു ആലോല വായു ചെറുതൊട്ടിലുമാട്ടി താരാട്ടാലാപമാർന്നു മലരേ ദലമർമ്മരങ്ങൾ എന്ന വരികളാണ് കവിതയിൽ എന്നെ ഏറെ ആകർഷിച്ചത് കുട്ടിക്കാലത്ത് അമ്മ തൊട്ടിലാട്ടിയതും താരാട്ടുപാടിയതുമോ ക്കെ ഓർമ്മ വന്നു സുന്ദരമായ ഒരു പുഷ്പം കൊഴിഞ്ഞു തറയിൽ വീണു കിടക്കുന്നത് കണ്ടപ്പോൾ അതിൽനിന്ന് ഉണ്ടായതാണ് ഈ കവിത

ശ്രീലക്ഷ്മി പി പി<br>8ബി

# എന്റെ കാറ്റ്

കാറ്റുകൾ മെല്ലെ തഴുകിയെത്തുന്നതുപോലെ
എന്നോ ഞാനും ആശിച്ചു പോയി
ഒരുനാൾ എങ്കിലും നിൻ സ്നേഹം എന്നെ
തഴുകിയെത്തുമെന്ന്
അറിയാതെ പറയാതെ പോയ നാളുകൾ
ഇനി എന്ന് തിരിച്ചു വരും എന്ന് ഓർത്ത്
കാത്തിരിക്കുകയാണ് ഞാൻ
കാത്തിരിപ്പിന്റെ നാളുകൾ മറക്കുവാൻ നിനക്ക്
കഴിയുമെങ്കിൽ
എന്റെ കാത്തിരിപ്പ് വെറുതെയായി പല നാളുകൾ
കാത്തിരുന്നു ഞാൻ മടുത്തു
ഒരു ദിവസം ഞാൻ തേടിയിലയും കാറ്റിനെ അന്നൊരു
കുളിർ കാറ്റായി തഴുകിയെത്തും എന്നെ
കാറ്റിന്റെ കൈപിടിച്ച് അകന്നു പോകുന്ന ഞാൻ
പെൺവിളി കേൾക്കാൻ കാതോർക്കില്ല കാറ്റോട്
മരണം മാത്രം ചൊല്ലി ഞാൻ അകന്നിടും

ആർദ്ര ക്രഷ്ണൻ
5ബി

# സീമയുടെ ജീവിതം

ഒരു ചെറിയ ഗ്രാമത്തിൽ സീമ എന്നു പറഞ്ഞ ഒരു കുട്ടിയുണ്ടായിരുന്നു അവളുടെ ടീച്ചർ അവളോട് ഒരു പരീക്ഷണം ചെയ്തു കൊണ്ടുപോകാൻ പറഞ്ഞു അവൾ വീട്ടിലെത്തി ഗ്ലാസും വെള്ളവും മൺ കട്ടയും എടുത്തു ക്ലാസിൽ വെള്ളമൊഴിച്ചു അതിൽ മൺകട്ടയിട്ടു കുറച്ചുകഴിഞ്ഞ് അവൾ വന്നു നോക്കി അപ്പോൾ ബബിൾസ് വരുന്നതായി കണ്ടു അവൾ അമ്മയോട് ചോദിച്ചു അപ്പോൾ അമ്മ പറഞ്ഞു അത് വായുവാണ് അമ്മ അവളോട് പറഞ്ഞു മേൽ മണ്ണിനാണ് ഗുണം കൂടുതൽ അടിയിലുള്ള മണ്ണിനെ ഗുണം കുറവുമാണ് അവൾ അമ്മയോട് ചോദിച്ചു എന്താണ് ഗുണമുള്ളത് അത് ചെടികളൊക്കെ ഉണങ്ങിയും ചീഞ്ഞുമൊക്കെയായി മണ്ണിൽ ഗുണം ഉണ്ടാകും ആ മണ്ണും അടിയിലുള്ള മണ്ണും വേറെ ചട്ടിയിലാക്കുക രണ്ട് ചെടികൾ അതിൽ നടുക കുറച്ചുദിവസം കഴിഞ്ഞു നോക്കുമ്പോൾ മേൽ മണ്ണിലെ ചെടിക്ക് നല്ല ആരോഗ്യം ഉണ്ടാകും മറ്റേ മണ്ണിലെ ചെടി ആരോഗ്യമില്ലാതെ ഉണ്ടാകും അവൾക്ക് എല്ലാ കാര്യങ്ങളും മനസ്സിലായി അവൾ സ്കൂളിൽ ഇതേപോലെ പറഞ്ഞു അവൾക്ക് അത് ഒരു മത്സരമാണെന്ന് അറിഞ്ഞിരുന്നില്ല താനാണ് ആദ്യം എന്ന് അവൾക്ക് വിശ്വാസമായില്ല അവളുടെ അമ്മ അമ്പരന്നു പോയി തന്റെ മകൾ തന്നെയാണ് ഒന്നാം സ്ഥാനത്ത് എന്നറിഞ്ഞപ്പോൾ അമ്മയ്ക്ക് സന്തോഷമായി അവർ അങ്ങനെ എല്ലാ മത്സരത്തിനും അവളെ അവളുടെ അമ്മ ചേർത്തു അങ്ങനെ സീമയ്ക്ക് ഒരുപാട് ട്രോഫികളും മെഡലുകളും കിട്ടി അങ്ങനെ സീമ ഒരിക്കൽ ഒരു മത്സരത്തിൽ ഓടിയപ്പോൾ കാല് തെറ്റി വീണു അപ്പോൾ അവൾ രണ്ടാം സ്ഥാനത്തായി അവൾക്ക് വളരെ വിഷമമായി പക്ഷേ അവളുടെ അമ്മ അവൾക്ക് ഒരു കാര്യം പറഞ്ഞു കൊടുത്തു നീ ഒരിക്കലും നിന്റെ ആത്മവിശ്വാസം കളയരുത് നീ ഓട്ടത്തിന് കാല് തെറ്റി വീണതുകൊണ്ട് അല്ലേ രണ്ടാം സ്ഥാനമായത് നീ എഴുതി ജയിക്കണം അതിൽ നീ കാല്തെറ്റി വീഴില്ലല്ലോ അമ്മേ പക്ഷെ ഞാൻ ഇതുപോലെ ഞാൻ എല്ലാത്തിനും തോറ്റാലോ നിന്നെ ടീച്ചർ പിന്നെ ഒന്നിനും കൂട്ടില്ല ഇത് അവളുടെ അമ്മ വെറുതെ പറഞ്ഞതായിരുന്നു അത് അവളുടെ ആത്മവിശ്വാസം തിരിച്ചു വന്നു പക്ഷെ അവളുടെ കാല് ഉണങ്ങുന്നില്ല അവൾ വീട്ടിൽ ഇരുന്നു തന്നെ പഠിച്ചു കാല് ശെരിയായി പിന്നെ അവൾ പല പല അഭ്യാസവും പഠിച്ചു ഇപ്പോൾ അവൾ 5ആം ക്ലാസിൽ എത്തി അവൾ കരാട്ടെ ക്ലാസ്സിന് പോകാൻ തുടങ്ങി അങ്ങനെ അവൾ പീട്ടിക്ക് പോകുമ്പോൾ അവളുടെ അഭ്യാസം കണ്ട് എല്ലാവരും അമ്പരന്ന് പോയി ഒരു ട്രോഫിയിൽ തുടങ്ങിയ അവളുടെ ജീവിതം ഇത്രയും എത്തി

ചിന്മയ എസ്
3എ

# അമ്മ

സ്നേഹമാണമ്മ  കരുതലാണമ്മയെൻ
ജീവനാധാരം നിയെ നമ്മ
എൻ മുഖം വാടിയാൽ നിൻ
കണ്ണൂ    നിറഞ്ഞിടും
എൻ കൺ കണ്ട ദൈവം
നീയെനമ്മ
എൻ ഐശ്വര്യദേവതെ നിൽപ്പാദ
ധൂളിപോലുമാരാധനീയം
എൻ വാഞ്ഛിതങ്ങൾക്കടിസ്ഥാനം
നീ നൽകിയ ഊർജമല്ലോ
സൂര്യനെപ്പോലെ സ്ഫുരിക്കുന്നു നീ
നിൻ സാമിപ്യം സന്തതം കൊതിക്കുന്നു ഞാൻ
നിൻ ഉദരത്തിൽ പിറന്ന തെൻ ഭാഗ്യമല്ലോ സദായാസ അനർഘ സ്ത്രീയെ

പാർവണ
8ബി

# മാമ്പഴം

വൈലോപ്പിള്ളി ശ്രീധരമേനോൻ

ഗ്രാമജീവിതത്തിന്റെ നന്മ വഴികളിലൂടെ ജീവിതയാഥാർത്ഥ്യങ്ങളെ ചിത്രീകരിച്ച പ്രശസ്തനായ മലയാള കവി യാണ് വൈലോപ്പിള്ളി ശ്രീധരഭാനോൻ വൈലോിള്ളി ശ്രീ മേനോന്റെ മാമ്പഴം എന്ന കവിതയിൽ വാത്സല്യനിധിയായ മകന്റെ വേർപാടിന്റെ വേദനയിൽ നിറുന്ന മാതാവിന്റെ തേങ്ങലുകളാണ് കവി
സൂചിപ്പിക്കുന്നത്

വീട്ടുമുറ്റത്തെ തൈമാവിൽ നിന്നും ആദ്യത്തെ മാമ്പഴം വീഴുന്നത് കാണുന്ന അമ്മ നാലുമാസം മുമ്പ് ആ മാവ് പൂത്തു തുടങ്ങിയപ്പോൾ തന്റെ മകൻ ഒരു പൂക്കുല പൊടിച്ചെടുത്തനതും താൻ ശകാരിച്ചതും ഓർക്കുന്നു

മങ്കനി വീഴുന്നേരം ഒടിച്ചെന്ന് എടുക്കുന്നത് കണ്ടാൽ പൂങ്കുല തല്ലുന്നതു തല്ല്കൊള്ളാഞ്ഞിടല്ലേ എന്ന അമ്മയുടെ ശകാരം കുഞ്ഞിനെ സങ്കടപ്പെടുത്തുകയും കളങ്കമോശത്തെ അവന്റെ കണ്ണനിർക്കൊണ്ട് തടാകമുണ്ടാക്കുകയും ചെയ്തിരുന്നു മാമ്പഴം പെറുക്കാൻ താൻ വരുന്നില്ല എന്ന് പറഞ്ഞ് പൂങ്കുല വെറും മണ്ണിൽ എറിഞ്ഞുകളഞ്ഞ കൂടി മാമ്പഴ കാലത്തിനു മുമ്പേ മരിച്ചു പോയി കൊച്ചുകുട്ടികൾക്ക് അക്ഷരം കൂട്ടി ചൊല്ലാറായിട്ടില്ലെങ്കിലും അവർ മൊഴിയുന്നത് അർഥപൂർണ്ണമാകുന്നു

മാമ്പഴം
പെറുക്കാൻ ഞാൻ വരുന്നില്ലെന്ന് കുട്ടി പറഞ്ഞ വാക്കുകൾ ദീർഘദർശനം ആയി പരിണമിച്ചു കുഞ്ഞിനോടുള്ള സ്നേഹവും കുഞ്ഞിന് എന്തെങ്കിലും ദണ്ഡം പിണയുമ്പോൾ ആസ്വസ്ഥവും അധീരമാകുന്ന അമ്മയുടെ ദുഃഖവും മാമ്പഴം എന്ന കവിതയിൽ ഉടനീളം കാണാം

കൊച്ചുമകൻ കൗതുകവശാൽ കാണിച്ച കുസൃതി രസിക്കാത്ത അമ്മ അവനെ ശാസിച്ചെങ്കിലും പിന്നീട് മകന്റെ പെട്ടെന്നുണ്ടായ മരണം അമ്മയെ ആഴമേറിയ ദുഖത്തിലേക്ക് അഴത്തുന്നു സാധാരണമായ ഈ സംഭവത്തെ അസാധാരണമായ ഒരു വികാരമാക്കി വൈലോപ്പിള്ളി മാറ്റിയിരിക്കുന്നു അതോടൊപ്പം അമ്മയും കുഞ്ഞും തമ്മിലുള്ള ശാശ്വതമായ ബന്ധത്തിന് ഊന്നൽ നൽകുകയും ചെയ്യുന്നു അങ്കണതൈമാവിൽ നിന്ന് ആദ്യത്തെ മാമ്പഴം വീഴുബോൾ സാധാരണ ഗതിയിൽ സന്തോഷിക്കുന്നതിനുപകരം കണ്ണുനീർഒഴുകുകയാണ് അമ്മയുടെ കണ്ണുനീരിനെ നിഷ്ഫലമാക്കുന്ന ദൈന്യത്തെ വർധിപ്പിക്കുന്ന വൈരുധ്യങ്ങൾ കാവ്യാത്തിലുടനീളം കാണാം കുറ്റബോധം കൊണ്ട് വീർപ്പുമുട്ടി അമ്മ കഴിയുമ്പോൾ പരിനെകുറിച്ച് ഉദാസീനമായി വനവർക്കാരോമർലായി മകൻ വഴുന്നു അങ്കണതൈമാവിൽ നിന്നാദ്യത്തെപ്പഴം വീഴുകെ അമ്മ തൻ നേത്രത്തിൻ നിന്നുതീർന്നു ചുടുകണ്ണീർ വന്നു തുടങ്ങി ഒരു തൈക്കുള്ളിർ കാറ്റായാരികത്തണഞ്ഞപ്പോലരുക്കുഞ്ഞിൻ പ്രാണനമ്മയെയാശ്ലോഷിച്ചു എന്ന് വരെയുള്ള വരികളിൽ കൂടി മാതൃത്വത്തിന്റെ മഹനീയതയും ശൈശവത്തിന്റെ നിഷ്കളങ്കതയും വൈലോപ്പിള്ളി ആവിഷ്കരിച്ചിരിക്കുന്നു തൈക്കുള്ളിർ കാറ്റായി മകന്റെ പ്രാണൻ അമ്മയെ അശ്ലേഷിക്കുന്നുവെന്ന പരാമർശത്തിലൂടെ മരണത്തിനുപോലും വേർപ്പെടുത്താൻ ആവാത്തതാണ് മാതൃപുത്രബന്ധമെന്നുള്ള തന്റെ വിശ്വാസം വൈലോപ്പിള്ളി വ്യക്തമാക്കുന്നു പിണങ്ങിപോയാലും പിന്നെ വിളിക്കുമ്പോൾ കുണുങ്ങിക്കുണുങ്ങി ഉണ്ണാൻ വരാറുള്ള മകന്റെ രൂപം മാമ്പഴത്തിലെ അമ്മ ഓർക്കുന്നുണ്ട് അമ്മയുടെ വാത്സല്യത്തിന്റെയും ചൂട് കവിതയിലൂടെ നിലനിർത്താൻ മാമ്പഴത്തിന് കഴിഞ്ഞിരിക്കുന്നു

യദുപ്രിയ

## എന്റെ ഗ്രാമം

എന്റെ ഗ്രാമം നല്ല ഗ്രാമം പച്ചപ്പ് നിറഞ്ഞ നല്ല ഗ്രാമം
വയലുകളും തോടുകളും ഉള്ള ഗ്രാമം
എൻ നല്ല ഗ്രാമം ഗ്രാമത്തിൽ നിറയെ പക്ഷികളും പൂക്കളും മൃഗങ്ങളും ഉണ്ട്
ആ ഗ്രാമത്തിലെ ആളുകൾ നല്ലതാണ്
എന്റെ ഗ്രാമത്തിൽ വീടുകളും മരങ്ങളും പൂമ്പാറ്റകളും ഉണ്ട്
എന്റെ ഗ്രാമം നല്ല ഗ്രാമം ദൈവങ്ങൾ പുണ്യം തന്ന നല്ല നാട് ഒരുപാട് തൈകൾ ഉണ്ട് എന്റെ ഗ്രാമത്തിൽ ആകാശത്തിൽ പ്രാവുകളും കൊക്കുകളും പാറി നടക്കുന്ന കാണാൻ എന്തൊരു രസമാണ് എന്റെ ഗ്രാമം നല്ല ഗ്രാമം

ചിന്മയ് എസ്
3എ



# പൂക്കാലം

ആധുനിക കവിത്രയത്തിൽ  മഹാകവി കുമാരനാശാന്റെ  മലയാള കവിതാ ചരിത്രത്തിലെ ഒരു നാഴികക്കലാണ് വീണപൂവ് 1907 ഡിസംബറിൽ ആണ് ആശാൻ വീണപൂവ് മിതവാദി എന്ന പത്രത്തിൽ പ്രതിഷേധിച്ചത് മലയാള കാവ്യാ അന്തരീക്ഷത്തിൽ തികച്ചും നൂതനമായൊരു  അനുഭവമായിരുന്നു വീണപൂവ്  എന്ന ഖണ്ഡകാവ്യം ക്ഷണികമായ മനുഷ്യ ജീവിതത്തിന്റെ  നിസ്സാരത വീണു കിടക്കുന്ന  ഒരു പൂവിനെ പ്രതീകമാക്കി അവതരിപ്പിച്ചിരിക്കുകയാണ് കവി

രാജ്ഞിയെ പോലെ ശോഭിച്ച പൂവിന്റെ ശൈശവം ബാല്യം യൗവനം എന്നിവ ഇവിടെ മനോഹരമായി ചിത്രീകരിക്കുന്നു  ശൈശവത്തിൽ പൂവിനെ പെറ്റമ്മയായ വള്ളി സ്നേഹപൂർവ്വം ലാളിച്ചു പല്ലവപുടങ്ങളിൽ വെച്ച്
പരിപാലിച്ചു  ഇളം കാറ്റ് തലോടി ദളമർമ്മരങ്ങൾ താരാട്ടുപാടി  പാൽ നിലാവിൽ കുളിച്ചും ബാലാതപത്തിൽ  വിളയാടിയും ഇളയ മൊട്ടുകളോട് ചേർന്നു കളിച്ചു  പൂവ് കുട്ടികാലം കഴിച്ചുകൂട്ടി ഒരു കൊച്ചു കുട്ടിക്ക് കിട്ടുന്ന എല്ലാ പരിഗണനയും പൂമൊട്ടിനു കിട്ടുന്നുവെന്നത് ശ്രദ്ധേയമാണ്  കിളികളിൽ നിന്ന് ഗാതവും
താരാ പദങ്ങളിൽ നിന്ന് ലോകതത്വവു പഠിച്ചു  കടന്നപ്പോൾ പൂവിന്റെ മുഖഭാവം മാറുകയും കവിളിണകൾ തുടുക്കുകയും അവിടെ പുതിയ പുഞ്ചിരി തളിർക്കുകയും ചെയ്തു
നം വരെയുള്ള അതീവ സൂക്ഷ്മമായ ഘട്ടങ്ങൾ മനുഷ്യജീവിതത്തിന്റെ  യൈമീശികഥയെ ഓർമിപ്പിച്ചുകൊണ്ട് കേവലം 41 ശ്ലോകങ്ങൾ ഉണ്ട് ഹൃദയസ്പാർഷിയാം വിധം ചിത്രീകരിച്ചിരിക്കുന്നു  ഈ പ്രപഞ്ചത്തിലെ നമ്മുടെ ജീവിതം അസ്ഥിരമാണ്  പൂവാകട്ടെ എല്ലാവർക്കും സന്തോഷം നൽകുന്നു അതുപോലെ നശ്വരമായ നമ്മുടെ ജീവിത കാലഘട്ടം മറ്റുള്ളവർക്ക് സന്തോഷം ഏകുവാനും നന്മ ചെയ്യുവാനും ഉള്ളതാണെന്ന് സന്ദേശം ഈ കവിത പകർന്നു നൽകുന്നു  രാജ്ഞിയെ പോലെ ശോഭിച്ചിരുന്ന പൂവിന്റെ കിടപ്പിലൂടെയും അ പുഷ്പമേ എന്ന സംബോധനയിലൂടെയും ശ്രീ ദൂവിലസ്ഥിരമാണ് എന്ന സന്ദേശം സമൂഹത്തിന് തകർന്നു നൽകുകയാണ് കവി എത്ര ഉന്നതകളിലാണെങ്കിലും ഒരു നിമിഷം കൊണ്ട് നാം ഒന്നുമല്ലാതെയായി മണ്ണിലേക്ക് ചേരുമെന്നും കവി ഓർമിപ്പിക്കുന്നു  വേറെ ലളിതമായ രീതിയിൽ ജീവിതം തത്വം ഈ കവിതയിൽ അവതരിപ്പിച്ചിരിക്കുന്നു

വരികളിലെ രണ്ടാമത്തെ അക്ഷരത്തിന്റെ ആവർത്തനം വന്നെത്തുന്ന ഭംഗി പൂവിനെ രാജ്ഞിയോട് സാദൃശ്യ പെടുത്തിയതിലെ
ഔചിത്യം പൂവിൽ നിറയുന്ന കുഞ്ഞിന്റെയും വിദ്യാർത്ഥിയുടെയും ഭാവങ്ങൾ
യൗവനത്തിലേക്ക് കടക്കുമ്പോൾ ഉണ്ടാകുന്ന മാറ്റങ്ങൾ എന്നിവയെല്ലാം കീർത്തിയെ മനോഹരമാക്കുന്നു
ആലോല വായു ചെറുതൊട്ടിലും മാറ്റി താരാട്ടാലാപ മാറുന്ന മലരേ ദലമർമ്മരങ്ങൾ   എന്ന വരികളാണ് കവിതയിൽ എന്നെ ഏറെ ആകർഷിച്ചത് കുട്ടിക്കാലത്ത് അമ്മത്തൊട്ടിയതും താരാട്ട് പാടിയതും ഒക്കെ ഈ അവസരത്തിൽ എന്റെ ഓർമ്മയിൽ ഓടിയെത്തി
സുന്ദരമായ ഒരു പുഷ്പം വാടി തൊഴഞ്ഞ് തറയിൽ വീണു കിടക്കുന്നത് കണ്ടപ്പോൾ ഉണ്ടായി വിഷാദത്തിൽ നിന്നും ഉടലെടുത്തതാണ് ഈ കവിത നാമൊക്കെ കൊഴിഞ്ഞുവീണ പുഷ്പങ്ങൾ കാണുന്ന ഒരു നിമിഷം നോക്കിയേക്കാം  പിന്നെ നടന്നകലും  അതിനെ ഇത്രയധികം ഭാവന ചാർത്തി വർണ്ണിക്കാൻ മഹാകവികൾക്ക് മാത്രമേ സാധ്യമാകൂ

അനുഷ്ക വി എം<br>8ബി

# AI ARTIFICIAL INTELLIGENCE നിർമ്മിത ബുദ്ധി

ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ ചരിത്രം പുരാതന കാലത്ത് ആരംഭിച്ചതാണ് ആധുനിക യുടെ വിത്തുകൾ നട്ടത് തത്ത്വചിന്തകരാണ് അവർ മനുഷ്യന്റെ ചിന്താ പ്രക്രിയെ ചിഹ്നങ്ങളുടെ മെക്കാനിക്കൽ കൃത്രിമത്വമായി വിവരിക്കാൻ ശ്രമിച്ചു ഗണിത യുക്തിയെ അടിസ്ഥാനമാക്കിയുള്ള ഒരു യന്ത്രമായ പ്രോഗ്രാമബിൾ ഡിജിറ്റൽ കമ്പ്യൂട്ടർ കണ്ടുപിടിച്ചു ഈ ഉപകരണവുംഇതിനു പിന്നിലെ ആശയങ്ങളും ഒരു ഇലക്ട്രോണിക് മസ്തിഷ്കം നിർമ്മിക്കുന്നതിനുള്ള സാധ്യതയെക്കുറിച്ച് ഗൗരവമായി ചർച്ച ചെയ്യാൻ ഒരു പിടി ശാസ്ത്രജ്ഞരെ പ്രചോദിപ്പിച്ചു മെഷീൻ ഇന്റലിജസ് എന്ന് വിളിക്കുന്ന മേഖലയിൽ കാര്യമായ ഗവേഷണം നടത്തിയ ആദ്യത്തെ വ്യക്തിയാണ് അലൻ ട്യൂറിംഗ് 1950 1956 കാലഘട്ടങ്ങളിലാണ് എന്ന ആശയം കൂടുതൽ ശക്തിപ്പെട്ടത് പ്രാഥമികയായി മനുഷ്യരുടെ ബുദ്ധിയിൽ നിന്ന് വ്യത്യസ്തമായി യന്ത്രങ്ങളുടെ അലെങ്കിൽ സോഫ്റ്റ്‌വെയറിന്റെ ബുദ്ധിയാണ് ആർട്ടിഫിഷ്യൻ ഇന്റലിജൻസ് ബുദ്ധിശക്തിയുള്ള യന്ത്രങ്ങളെ വികസിപ്പിക്കുകയും പഠിക്കുകയും ചെയ്യുന്ന കമ്പ്യൂട്ടർ സയൻസിലെ ഒരു പഠനമേഖലയാണിത് വ്യവസായം സർക്കാർ ശാസ്ത്രം എന്നീ മേഖലകളിൽ ഉടനീളം സാങ്കേതിക വിദ്യ ഉപയോഗിക്കുന്നു 2012ന് ശേഷം ആഴത്തിലുള്ള പഠനം മുമ്പത്തെ എല്ലാ ടെക്നിക്കുകളെയും മറി കടന്നപ്പോൾ 2017 ന് ശേഷം ട്രാൻസ്ഫോർമർ ആർക്കിടെക്ചർ ഉപയോഗിച്ച് ഫണ്ടിംഗും തൽപ്പര്യവും വളരെയധികം വർദ്ധിച്ചു ഇത് 2020 കളുടെ തുടക്കത്തിൽ വസന്തത്തിലേക്ക് നയിച്ചു യുണൈറ്റഡ് സ്റ്റേറ്റ്സ് ആസ്ഥാനമായുള്ള കമ്പനികളും സർവ്വകലാശാലകളും ലബോറട്ടറികളും കാര്യമായ പുരോഗതി കൈവരിച്ചു നമ്മൾ നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന ഗൂഗിൾ ആമസോൺ വാട്ട്സാപ്പ് തുടങ്ങിയ ഒട്ടുമിക്ക ആപ്പുകളിലും സംവിധാനം ഉണ്ട് ഉപയോഗിച്ച് ഒരുപാട് കുറ്റകൃത്യങ്ങളും നമ്മുടെ സമൂഹത്തിൽ നടക്കുന്നു എന്തിരുന്നാലു യുടെ കണ്ടുപിടുത്തവും ശരിയായ ഉപയോഗവും മനുഷ്യന് ഗുണകരമാകും

സുധേവ് എം ജെ
9എ

# റോബോട്ടിക്സ്

റോബോട്ടിക്സ് ലളിതമായി പറഞ്ഞാൽ റോബോട്ടിക് സയൻസ് എൻജിനീയറിങ് ടെക്നോളജി   എന്നിവയെ സംയോജിപ്പിച്ച് വ്യത്യസ്ത സങ്കീർണതകൾ ഉള്ള ജോലികൾ പൂർത്തിയാക്കുന്നതിൽ മനുഷ്യരെ സഹായിക്കാനും ഒരുപക്ഷേ മനുഷ്യരേക്കാൾ കാര്യക്ഷമമമായും വേഗതയോടും ചെയ്യുന്നതിന് വേണ്ടി ഉണ്ടാക്കുന്ന മെഷീനുകൾ ആണ് ഇവയെ നമ്മൾ റോബോട്ടുകൾ എന്ന് വിളിക്കുന്നു ഇവയെക്കുറിച്ച് പഠിക്കുന്ന ശാഖയാണ് റോബോട്ടിക്സ്  ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ റോബോട്ടിക്സ് മേഖലയും റോബോട്ടുകളുടെ സാധ്യതകളും പ്രവർത്തനക്ഷമതയും പര്യവേഷണം ചെയ്യുന്നതും ഗണ്യമായി വളർന്നിട്ടുണ്ട് എങ്കിലും ഈ ആശയം തീർച്ചയായും പുതിയതല്ല പക്ഷേ ഈ മേഖല ഇപ്പോഴും വളർന്നുകൊണ്ടിരിക്കുന്നു

യദുഷ്ണവ്
9എ

# ജാതിമതവ്യവസ്ഥ

മതത്തിന്റെയും ജാതിയുടെയും പേരിൽ ഇപ്പോൾ കേരളത്തിൽ നടക്കുന്ന അനാചര്യ ങ്ങൾക്ക് കുറവൊന്നുമില്ല പക്ഷേ പണ്ടുകാലങ്ങളിൽ നിലനിന്നിരുന്ന തൊട്ടുകൂടില്ലായ്മ സമ്പ്രദായത്തിൽ നിന്നെല്ലാം എത്രയോ മാറിയിരിക്കുന്നു പക്ഷേ പൂർണ്ണമായി മാറിയിട്ടില്ല വിദ്യാഭ്യാസം കൂടുന്തോറും മനുഷ്യന്റെ അന്ധവിശ്വാസം കൂടുകയാണ് ഇന്ന് നാം ജീവിക്കുന്ന 21ആം നൂറ്റാണ്ടിൽ ജാതിഭേദം പൂർണ്ണമായി അവസാനിച്ചു എന്നൊന്നും പറയാൻ കഴിയില്ല ശാസ്ത്രം വരെ കാലത്തിന് അനുസരിച്ച് വികസിച്ചിരിക്കുന്നു ടെക്നോളജികളിലും മറ്റ് പുതിയ കണ്ടുപിടിത്തങ്ങളിലും എല്ലാം ഏറെ മുന്നിലാണ് ശാസ്ത്രം എന്നിട്ടും മനുഷ്യർക്ക് ഒരു മാറ്റവും ഇല്ല ഇപ്പോൾ ചിലർ ചിന്തിക്കുന്നുണ്ടാവും മനുഷ്യർക്ക് ഇനി എന്ത് മാറ്റമാണ് ആവശ്യം എന്ന് മാറണം മനുഷ്യൻ ഇനിയും മാറേണ്ടിയിരിക്കുന്നു ഇനിയുള്ള തലമുറയ്ക്ക് ഇവിടെ സ്വസ്ഥമായി ജീവിക്കണമെങ്കിൽ മനുഷ്യർ ജാതിയുടെയും മതത്തിന്റെയും പേരുള്ള വേർതിരിവ് മാറ്റിയേ മതിയാവൂ മനുഷ്യർ മാത്രമേ ഇങ്ങനെയൊക്കെ ചെയ്യുന്നുള്ളൂ മറ്റ് പ്രകൃതിയിലെ ജീവജാലങ്ങൾക്ക് ഒന്നും തന്നെ വേർതിരിവ് ഇല്ല കുമാരനാശാനും മറ്റ് എഴുത്തുകാരും ആഗ്രഹിക്കുന്നതുപോലെ മനുഷ്യനെ മനുഷ്യനായി കാണുന്ന തരത്തിലുള്ള സ്വാതന്ത്ര്യം അല്ലാതെ ജാതിയുടെ പേരിൽ വെറുതെ

മനുഷ്യൻ എല്ലാം ഒരേ കോശങ്ങളാൽ നിർമ്മിതമായ ശരീരമാണ് ഇനിയെങ്കിലും ജാതി സമുദായങ്ങളുടെ വേർതിരിവ് ഒഴിവാക്കുക ആർക്കും വേർതിരിവില്ല അത് മനസ്സിലാക്കി യാതൊരുവിധ ജാതി വകവേദങ്ങൾഇല്ലാതെ ജീവിച്ചാൽ അടുത്ത തലമുറയ്ക്ക് ഈ ലോകത്ത് ജീവിക്കാം

റിതുവർണ ജി എസ്
9എ

ഉയർന്ന സംസ്കാരിക ജീവിതനിലവാരം പുലർത്തുന്നു എന്ന് അഭിമാനിക്കുമ്പോഴും നാം നേരിടുന്നപ്രധാന വെല്ലുവിളികളിൽ ഒന്നാണ് മാലിന്യം ആശുപത്രി ടോയ്ലറ്റ് ഹോട്ടൽ ഫാക്ടറികൾ എന്നിങ്ങനെ മാലിന്യം പുറം തള്ളുന്ന ഇടങ്ങൾ എണ്ണിയാൽ തീരില്ല ഇതിൽ പ്രധാന വെല്ലുവിളികൾ പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ തന്നെ നമ്മുടെ ജലാശയങ്ങളും അരുവികളും ശ്രദ്ധിച്ചാൽ അറിയാം യാതൊരു ദയയും ഇല്ലാത്ത രീതിയിൽ മിനറൽ വാട്ടർ ബോട്ടിലുകളാലും മദ്യക്കുപ്പികളാലും മാലിന്യമാക്കിയിരിക്കുന്നു മാലിന്യം വലിച്ചെറിയരുത് എന്ന് നാഴികയ്ക്ക് നാല്പതുവട്ടം പറയുമ്പോഴും വഴിയോരത്തെ കാഴ്ചകൾ പ്ലാസ്റ്റിക് ബോട്ടിലുകളും നിറഞ്ഞു തന്നെ അല്പം വിജനമായ വഴികൾ പ്ലാസ്റ്റിക് മദ്യക്കുപ്പികൾ നിറഞ്ഞിരിക്കുന്ന കാഴ്ച സാധാരണമായിരിക്കുകയാണ് പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ വിപണിയിൽ യഥേഷ്ടം ലഭിക്കുന്നു എന്നതൊക്കെയാണ് ഇതിന്റെ ഉപയോഗം വർദ്ധിക്കാൻ കാരണം പ്രകൃതിയെയും വരും തലമുറയെയും സംരക്ഷിക്കാനായി പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളിൽ കർശനേ നിയന്ത്രണം ഏർപ്പെടുത്തുക രാസമാലിന്യങ്ങൾ മറ്റു പ്രകൃതി നശീകരണ വസ്തുക്കൾ ജൈവമാലിന്യങ്ങൾ എന്നിവ സ്വന്തം സ്ഥലത്തും പൊതുസ്ഥലത്തും ഉപയോഗിക്കുന്ന ശീലത്തിനെതിരെ പുതുതലമുറയെ നഴ്സറി ക്ലാസ് സ്ഥലം മുതൽ ബോധവൽക്കരിച്ച ഒരു ഉയർന്ന ശുചിത്വ സംസ്കാരം രൂപപ്പെടുത്തിയെടുക്കുക എന്നത് തന്നെയാണ് നാളെക്കുള്ള പ്രകൃതി സുന്ദരമാക്കാൻ നമുക്ക് ചെയ്യാൻ ഉള്ളത്

ദിയ ആർ ബിജു
8സി

## ചെന്നായയും കഴുതയും

ഒരു കഴുത പുല്ലു തിന്നുകയായിരുന്നു  പെട്ടെന്നാണ് അവിടെ ഒരു ചെന്നായ വന്നത്  ഓടി രക്ഷപ്പെടാൻ ഒരു വഴിയും ഇല്ലായിരുന്നു  കഴുത വിചാരിച്ചു ഒരു സൂത്രം പ്രയോഗിച്ചു നോക്കാം  കാലിൽ ഒരു മുള്ള് തറച്ചതായി അഭിനയിച്ച് മുടന്താൻ തുടങ്ങി  ചെന്നായി കാര്യം ചോദിച്ചു  കഴുത പറഞ്ഞു  എൻറെ കാലിൽ ഒരു കൂർത്ത മുള്ള് തറച്ചിരിക്കുകയാണ് അതൊന്ന് എടുത്തു തരുമോ  അല്ലെങ്കിൽ എന്നെ കഴിക്കുമ്പോൾ അത് നിൻറെ തൊണ്ടയിൽ കുടുങ്ങി വേദനിക്കും  അത് ശരിയാണെന്ന് ചെന്നായക്കും തോന്നി  അവൻ കഴുതയുടെ കാൽ പൊക്കി നോക്കി പരിശോധിച്ചു  കഴുത തൻറെ സർവ്വശക്തിയും ഉപയോഗിച്ച് ആഞ്ഞുതൊഴിച്ചു ഓടി രക്ഷപ്പെട്ടു  തൊഴിയുടെ ആഘാതത്തിൽ പല്ലുകൾ കൊഴിഞ്ഞ ചെന്നായ വേദനയോടെ പിറുപിറുത്തു  ഏത് പ്രവർത്തിക്കും മുമ്പും ഒരു ആലോചന വളരെ നല്ലതാണ്

സാൻവിയ സുബിൻ

2ബി

ആസ്വാദനക്കുറിപ്പ്

**The dairy Of A Young Girl**

ജർമ്മനിയിലെ ഫ്രാങ്ക്ഫെർട്ടിലെ ഒരു പുരാതന ജൂത കുടുംബത്തിൽ 1929 ജൂൺ 12 നായിരുന്നു ആനിന്റെ ജനനം പിതാവ് ഓട്ടോ ഫ്രാങ്ക് ഒരു ബാങ്കുദ്യോഗസ്ഥനായിരുന്നു മാതാവ് എഡിത്ത്ഫ്രാങ്ക് വീട്ടമ്മയും മാർഗറ്റ് ഫ്രാങ്കായിരുന്നു ഏക സഹോദരി 1933 ൽ ജർമനിയിൽ നാസി പാർട്ടി ശക്തിപ്രാപിക്കുകയും ജൂതവിദ്വേഷം വ്യാപകമാവുകയും ചെയ്തതോടെ ഓട്ടോ ഫ്രാങ്കിന്റെ ബാങ്ക് നഷ്ടത്തിലായി വർദ്ധിച്ചു വരുന്ന അതിക്രമങ്ങൾ സഹിക്കാനാവാതെ കുടുംബത്തോടൊപ്പം നെതർലാന്റിലേക്ക് പോകാൻ അദ്ദേഹം നിർബന്ധിതനായി അതോടെ തന്റെ അഞ്ചാമത്തെ വയസ്സിൽ ആൻ കുടുംബത്തോടൊപ്പം നെതർലാന്റിലെത്തി അങ്ങനെ ഓട്ടോ ഫ്രാങ്ക് അംസ്റ്റർഡാമിൽ ഒരു ജാം നിർമ്മാണ കമ്പനി ആരംഭിച്ചു 1940 മെയ് 10 ന് ജർമ്മൻ പട്ടാളം നെതർലാന്റിലെത്തുന്നതുവരെ ആ കൊച്ചു കുടുംബം സന്തോഷകരമായി കഴിച്ചു കൂട്ടി ആനും സഹോദരിയും വിദ്യാഭ്യാസം ആരംഭിച്ചിരുന്നു മാർഗറ്റ് ഗണിതത്തിൽ മികവ് പുലർത്തിയപ്പോൾ ആനിന് താൽപര്യം സാഹിത്യത്തിലായിരുന്നു അങ്ങനെ അവളുടെ13 ാം ജന്മദിനത്തിൽ പിതാവ് അവൾക്ക് ഒരു ഡയറി സമ്മാനിച്ചു കിറ്റി എന്ന് ഓമനപ്പേര് ഇട്ട ഡയറിയിൽ 1942 ജൂൺ മുതൽ അവൾ എഴുതി തുടങ്ങി

നിന്നോട് എല്ലാം
തുറന്നു പറയാൻ
കഴിയുമെന്നും നീ എനിക്ക്
ആശ്വാസത്തിന്റെയും
താങ്ങിന്റെയും
ഉറവിടമായിരിക്കുമെന്നും
ഞാൻ പ്രതീക്ഷിക്കുന്നു

ഇതായിരുന്നു ആൻ തന്റെ ഡയറിയിൽ ആദ്യം എഴുതിയ വാക്കുകൾ ആൻ ഡയറി എഴുതുന്നതിനോടൊപ്പം തന്നെ കഥകളും അനുഭവങ്ങളും എഴുതി സൂക്ഷിച്ചിരുന്നു യുദ്ധത്തിനു ശേഷം അത് പ്രസിദ്ധീകരിക്കാനും ആൻ ആഗ്രഹിച്ചിരുന്നു ആൻ എഴുതിയ കഥകൾ ഓർമ്മക്കുറിപ്പുകൾ ലേഖനങ്ങൾ എന്നിവ ഒളിത്താവളത്തിൽ നിന്നുള്ള കഥകൾ എന്ന പേരിൽ പുറത്തിറക്കി 14 കഥകളും16 ഓർമ്മക്കുറിപ്പുകളും ഇതിൽ ഉൾക്കൊള്ളുന്നു ഓട്ടോ ഫ്രാങ്ക് ജോലി ചെയ്യുന്ന ജാം നിർമ്മാണ കമ്പനിയുടെ മുകളിലാണ് ഒളിത്താവളം മൂന്നാമത്തെ നിലയിൽ വലതു വശത്തുള്ള വാതിലിലൂടെയാണ് ഒളിത്താവളത്തിൽ കടക്കുന്നത് നിറംമങ്ങിയ ആ വാതിലിനപ്പുറം ഏറെ മുറിയുണ്ടെന്ന് ആർക്കും ഊഹിക്കാൻ കഴിയില്ല സീക്രട്ട് അനക്സ് എന്നാണ് ആൻ ഒളിത്താവളത്തിനിട്ട പേര് ഒളിയിടത്തിന്റെ വാതിൽ ഒരു ബുക്ക് ഷെൽഫ് കൊണ്ട് മറച്ചിരുന്നു 1944 ഓഗസ്റ്റ് നാലാം തിയറി ജർമ്മൻ സെക്യൂരിറ്റി പോലീസിലെ സായുധസൈനികർ ഡച്ചുകാരായ നാസികളുടെ സഹായത്തോടെ പ്രധാന ഓഫീസിൽ തിരച്ചിൽ നടത്തി ആ മിന്നൽ തിരച്ചിലിൽ അവർക്ക് പിടിച്ച് നിൽക്കാൻ സാധിച്ചില്ല ഒടുവിൽ ഒളിത്താവളത്തിലെ അന്തേവാസികൾ അറസ്റ്റ് ചെയ്യപ്പെട്ടു ഓഗസ്റ്റ് 8 ന് ഒരു പാസഞ്ചർ ട്രെയിനിൽ അവർ 8 പേരേയും വെസ്റ്റർ ബോർക്കിലേക്കയച്ചു ക്യാമ്പിൽ വച്ച് സ്ത്രീകളെയും പുരുഷന്മാരെയും രണ്ടു സംഘങ്ങളായി ത്തിരിച്ചു എസിത്തും ആനും മാർഗറ്റും ഒരേ ബാരക്കിലായിരുന്നു വൈദ്യ പരിശോധനയ്ക്ക് ശേഷം മുടി വെടിമാറ്റി കൈയിൽ തിരിച്ചറിയാനുള്ള നമ്പർ പച്ചകുത്തി അവരെ അടിമപ്പണിക്ക് നിയോഗിച്ചു ഭക്ഷണവും വസ്ത്രവും മരുന്നുമായിരുന്നുകോൺസൻട്രേഷൻ ക്യാപുകളിലെ ഏറ്റവും പ്രധാന പ്രശ്നം സ്കബീസ് എന്ന ത്വക്ക് രോഗം പിടിപെട്ട ആനിനെയും മാർഗറ്റിനെയും ബർഗൻ ബെൽസൻ ക്യാപിലേക്ക് മാറ്റി 1945 ജനുവരി6ന് എഡിത്ത് ഫ്രാങ്ക് ലോകത്തോട് വിടപറഞ്ഞു മരണകാരണം പട്ടിണിയായിരുന്നു ടൈഫസ് രോഗം പിടിപെട്ട ആനും മാർഗറ്റും ഒരേ

മുറിയിലായിരുന്നു കഴിഞ്ഞത് വൈകാതെ മാർഗറ്റിന് രോഗം മൂർച്ഛിച്ചു ഒരു ദിവസം ആൻ ഫ്രാങ്കിന്റെ ബർത്തിനു മുകളിൽ കിടക്കുകയായിരുന്ന മാർഗറ്റ് എഴുന്നേൽക്കാൻ ശ്രമിക്കുന്നതിനിടെ കുനു വീണു അവിടെ കിടന്നു തന്നെ പിടഞ്ഞുമരിച്ചു സഹോദരിയുടെ മരണം കണ്മുന്നിൽ കണ്ടതത്തോടെ ആൻ അതുവരെ കാത്തുസൂക്ഷിച്ച മനക്കരുത്തുംധൈര്യവുമെല്ലാം ചോർന്നുപോയി അവൾ മാനസികമായി ആകെ തകർന്നു ഏതാനും ദിവസങ്ങൾക്കു ശേഷം മാർച്ചു മാസത്തിലെ ആദ്യ ആഴ്ചയിൽ ആൻ ഫ്രാങ്കും മരണമടഞ്ഞു

പതിനഞ്ചു വയസ്സും മൂന്നു മാസവും മാത്രം പ്രായമുണ്ടായിരുന്ന ആ പെൺകുട്ടിയുടെ അസാമാന്യ ധൈര്യവും ആത്മവിശ്വാസവും ഏതൊരു വായനക്കാരെയും ആകർഷിക്കും ആൻ തന്റെ അഭിപ്രായങ്ങളിൽ ഉറച്ചു നിന്നിരുന്നു അതിലുപരിപ്രായത്തിൽ കവിഞ്ഞ പക്വതയും അവളെ നാമെല്ലാവരും ഹൃദയത്തോട് ചേർക്കാനും മറ്റുളവരിൽ നിന്നു വ്യത്യസ്തയാക്കാനും കാരണമായി കാലം എത്ര കഴിഞ്ഞാലും ഈ ഡയറിക്കുറിപ്പിലൂടെ ആൻ ഫ്രാങ്ക് ജീവിക്കും

അനൗഷ്ക

8B

# NATURE

This is a beautiful nature.The big trees standing onthe rock.So many big rocks three in the nature,a big house is beside the rivr.The sun is raising in the picture.The river is very big. So many rocks are there and so many grass are there in the picture.This picture is very nice.The picture is very big .So many soft and beautiful flowers are growing on the grass

ROSHNA R JOHN



# നിൻ ലീലാവിലാസങ്ങളോ ഇത്

കാണുന്നില്ലേ  നീയിതൊന്നും
ജഗനാഥ
ഈ മനുഷ്യരക്ഷ താണ്ടവങ്ങൾ
അറിയുന്നില്ലേ  നീയിതൊന്നും
നീയാ നടയിൽ സ്ഥാനമുറപ്പിച്ചിരിപ്പാണോ
ഒരു തുണ്ട് നോട്ടിനായി നാടു വായുന്ന നിൻ സ്ഥലത്ത്
മൂല്യമുള്ള എന്തിനുമായി സ്വന്തം ചോരയെ കൊന്നോടുക്കുന്നിതാ
ആരോടു പറയാൻ ഞാനിതെല്ലാം
നിൻ തിരുമുൻപിലല്ലാതെ
ചോരയൂറ്റി കുടിക്കുന്ന ഈ കഴുകൻ കൂട്ടത്താൽ നിന്ന്
നീ ലോകത്തെ രക്ഷിക്കുമോ
എന്നിക്കൊന്നും അറിയില്ല
അറിയാനാവുന്നുമില്ല
ഏതൊക്കെയോ ഹൃദയങ്ങൾ നോവുന്നു  വേവുന്നു
ഇതുനിൻ ലീലാവിലാസങ്ങളോ
എന്തിനാണീ ക്രൂരത ഞങ്ങളോട്
മനുഷ്യജാതിയോട്
ഈ പാപങ്ങൾ ഏതു നദിയിൽ ഒഴുക്കും ഞങ്ങൾ
ഇതിനായി നീ ഒരു പുണ്യ സമുദ്രം
സൃഷ്ടിക്കേണ്ടി വരും തീർച്ചയായും
നീ സൃഷ്ടിക്കും നദിയിൽ നിന്ന് മണലൂറ്റുവാൻ ആയിരം കൈകൾ
പാഞ്ഞടുക്കും  അത്ഭുതപ്പെടേണ്ടതില്ല അതിൽ
അങ്ങനെ മാറിപ്പോയി മനുഷ്യ ഹൃദയങ്ങൾ
ഒരു സമുദ്രം മതിയാകുമോ മനുഷ്യപാപം കഴുകുവാൻ
അല്ലയോ  നീ എവിടെ സമുദ്രം നിർമ്മിക്കാൻ
ഒരു തുണ്ട് തരിപോലും ഭാക്കിയില്ലല്ലോ ഇനി
വർക്കുറ്റമാളികകളും ഗോപുരങ്ങളും ഉയർന്ന് വന്നില്ലേ
അല്ലയോ  ജഗനാഥ  നീ ഇത് കാണുന്നില്ലേ

**ശ്രീലക്ഷ്മി 10B**


# കുട്ടികളുടെ ചിത്രങ്ങൾ



KRISHNA PRABHA 9B



KARUNRAM S KUMAR 4B




KRISHNA PRABHA 9B



NEERAJ ANILKUMAR

# ശുഭം